(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

റവന്യൂ കാർഡ്

1 [3521] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റവന്യൂ കാർഡ് നടപ്പിലാക്കുന്നത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) റവന്യൂ കാർഡ് സമ്പ്രദായം നിലവിൽ വരുന്നതോടുകൂടി ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, നേറ്റിവിറ്റി സർട്ടിഫിക്കറ്റ് തുടങ്ങിയവയ്ക്ക് പകരമായി റവന്യൂകാർഡ് ഉപയോഗിക്കുന്നതിന് നിയമസാധുത നൽകിക്കൊണ്ട് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) നിർദ്ദിഷ്ട റവന്യൂ കാർഡിലെ വിവരങ്ങളിൽ കൂടുതൽ ഭേദഗതി ആവശ്യമാണെന്ന് കണ്ടതിനാൽ അക്കാര്യം വിശദമായി പഠിച്ചശേഷം റവന്യൂകാർഡ് പദ്ധതി നടപ്പാക്കിയാൽ മതിയെന്ന് തീരുമാനിച്ചിരുന്നു. കൂടാതെ റവന്യൂ, രജിസ്ട്രേഷൻ രംഗങ്ങളിൽ കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാകുന്നതോടെ റവന്യൂ കാർഡിലെ നിർദ്ദിഷ്ട വിവരങ്ങളും കമ്പ്യൂട്ടറൈസ്ഡ് സിസ്റ്റത്തിലൂടെ പരിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ കഴിയുന്നതാണ്. ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, നേറ്റിവിറ്റി സർട്ടിഫിക്കറ്റ് തുടങ്ങിയവയ്ക്ക് പകരമായി റവന്യൂകാർഡ് ഉപയോഗിക്കുന്നതിന് നിയമസാധുത നൽകുന്ന കാര്യം റവന്യൂ കാർഡ് പദ്ധതി പരിഷ്ക്കരിച്ച് നടപ്പിലാക്കുമ്പോൾ പരിശോധിക്കുന്നതാണ്.

മൂന്നാറിൽ ടാറ്റാ കമ്പനിയുടെ കൈവശമുള്ള ഭൂമി

2 [3522] *ശ്രീ. കെ. കെ. ജയചന്ദ്രൻ:*
„ *സാജുപോൾ:*
„ *എ. സി. മൊയ്തീൻ:*
„ *വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ ടാറ്റാ ടീ യുടെ കൈവശത്തിലുള്ള പാട്ടഭൂമി വിൽക്കുന്നതിനായി കമ്പനി സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ടോ;

(ബി) ഭൂരഹിത കർഷകർക്ക് വിതരണം ചെയ്യാൻ 1971-ൽ സർക്കാർ ഏറ്റെടുത്ത ഭൂമി ടാറ്റാ കമ്പനിയുടെ കൈവശം ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പാട്ടഭൂമി ഇതിനുമുൻപ് അന്യാധീനപ്പെടുത്തിയതുമായി ബന്ധപ്പെട്ട് കമ്പനിക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) – (സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly